# SREE SANKARACHARYA UNIVERSITY OF SANSKRIT, KALADY

## Confirmed Minutes of the 04/23 (208th) Meeting of the Syndicate held on 23.05.2023 at 11.00 am at University Head Quarters, Kalady

**Members Present:**

1. ഡോ. എം.വി. നാരായണൻ, വൈസ് ചാൻസലർ, അദ്ധ്യക്ഷൻ - ഒപ്പ്
2. ഡോ.കെ. മുത്തുലക്ഷ്മി, പ്രോ വൈസ് ചാൻസലർ - ഒപ്പ്
3. അഡ്വ. കെ. പ്രേം കുമാർ എം.എൽ.എ, സിൻഡിക്കേറ്റംഗം - ഒപ്പ്
4. ഡോ. പി.വി. രാമൻകുട്ടി, സിൻഡിക്കേറ്റംഗം - ഒപ്പ്
5. പ്രൊഫ. ഡി. സലിംകുമാർ, സിൻഡിക്കേറ്റംഗം - ഒപ്പ്
6. ഡോ. സി. എം മനോജ് കുമാർ, സിൻഡിക്കേറ്റംഗം - ഒപ്പ്
7. ഡോ. ആർ. ശശിധരൻ, സിൻഡിക്കേറ്റംഗം - ഒപ്പ്
8. ഡോ. കെ.എം. അനിൽ, സിൻഡിക്കേറ്റംഗം - ഒപ്പ്
9. ഡോ. ബിച്ചു എക്സ് മലയിൽ, സിൻഡിക്കേറ്റംഗം - ഒപ്പ്
10. ശ്രീ. എൻ. ആദിൽ, സിൻഡിക്കേറ്റംഗം, വിദ്യാർത്ഥി പ്രതിനിധി - ഒപ്പ്
11. ഡോ. പി. ശിവദാസൻ, സിൻഡിക്കേറ്റംഗം - ഓൺലൈൻ
12. ഡോ. ബീന ഐസക്, സിൻഡിക്കേറ്റംഗം - ഓൺലൈൻ
13. പ്രൊഫ. തോമസ് കെ ജോബ്, സിൻഡിക്കേറ്റംഗം - ഓൺലൈൻ

കൂടാതെ ഡോ. ഗോപാലകൃഷ്ണൻ എം.ബി (രജിസ്ട്രാർ) പങ്കെടുത്തു.

# MAIN AGENDA

## Item No. 1

Report of the Vice Chancellor

യോഗത്തിലേക്ക് എല്ലാ അംഗങ്ങളേയും സ്വാഗതം ചെയ്യുന്നു.

കല, രാഷ്ട്രീയ, സാമൂഹിക, സാംസ്കാരിക രംഗത്ത് കർമ്മ നിരതരായിരുന്നവരുടെ നിര്യാണത്തിൽ ഈ യോഗം അനുശോചനം രേഖപ്പെടുത്തുന്നു.

18.05.2023 തീയതിയിലെ 207-ാം സിൻഡിക്കേറ്റ് യോഗത്തിനുശേഷം സർവകലാശാലയിലുണ്ടായിട്ടുള്ള പ്രധാനപ്പെട്ട സംഭവങ്ങൾ അംഗങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

1. സർവകലാശാലയിലെ 2023 വർഷത്തെ ശ്രീ ശങ്കരജയന്തി ഒന്നാം ഘട്ട ആഘോഷം 19.05.2023 ന് നടന്നു. ബഹു. വൈസ് ചാൻസലർ അധ്യക്ഷത വഹിച്ച ചടങ്ങിൽ ബറോഡ എം.എസ്. യൂണിവേഴ്സിറ്റിയിലെ കലാചരിത്ര വിഭാഗം മുൻ മേധാവിയും, കലാചരിത്രകാരനുമായ പ്രൊഫ. ശിവജി കെ. പണിക്കർ ശ്രീശങ്കര വാർഷിക പ്രഭാഷണം നടത്തി. കൂടാതെ സംഗീത വിഭാഗത്തിലേയും, മോഹിനിയാട്ട വിഭാഗത്തിലേയും വിദ്യാർത്ഥികളുടെ കലാ അവതരണങ്ങളും വിവിധ എൻഡോവ്മെന്റ് വിതരണവും നടന്നു.
2. സർവകലാശാല അനധ്യാപക ജീവനക്കാർക്കായി അഞ്ച് ദിവസത്തെ പരിശീലന പരിപാടി 2023 മെയ് 23 മുതൽ 27 വരെ സംഘടിപ്പിച്ചിട്ടുണ്ട്. പ്രസ്തുത പരിപാടിയുടെ ഉദ്ഘാടനം ബഹു. വൈസ് ചാൻസലർ മെയ് 23 -ാം തീയതി നിർവ്വഹിച്ചു.
3. സർവകലാശാലയിലെ വിവിധ അക്കാദമിക വകുപ്പുകളും, ശ്രീ ശങ്കരാചാര്യ അന്താരാഷ്ട്ര പഠന കേന്ദ്രവും ഈ കാലയളവിൽ സെമിനാറുകളും വെബിനാറുകളും ശില്പശാലകളും സംഘടിപ്പിച്ചിട്ടുണ്ട്.

എല്ലാവരുടേയും സഹകരണവും ക്രിയാത്മകമായ നിർദ്ദേശങ്ങളും പ്രതീക്ഷിച്ചു കൊണ്ട് അജൻഡകളിൽമേലുള്ള ചർച്ചകൾക്കായി ഏവരേയും ക്ഷണിച്ചു കൊള്ളുന്നു.

## Item No. 2(a)

അക്കാദമിക പുന:സംഘാടനം യു ജി / പി ജി പ്രോഗ്രാമുകളുടെ പുന:ക്രമീകരണം - സംബന്ധിച്ച്. (No. 9865/Acd.B1/SSUS/2022)

അക്കാദമിക പുന:സംഘാടനം, യു ജി / പി ജി പ്രോഗ്രാമുകളുടെ പുന:ക്രമീകരണം എന്നിവ സംബന്ധിച്ച് 18.05.2023 ൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിൽ അവതരിപ്പിച്ച അക്കാദമിക് & റിസർച്ച്, സ്റ്റുഡന്റ്സ് വെൽഫെയർ, സ്റ്റാഫ് & ലീഗൽ സംയുക്ത സമിതികളുടെ റിപ്പോർട്ടും അനുബന്ധ രേഖകളും വിശദമായി പഠിച്ച് പുന:ക്രമീകരണത്തിനുള്ള അന്തിമ ശിപാർശകൾ സമർപ്പിക്കുന്നതിന് രൂപീകരിച്ച ഉപസമിതി 20.05.2023 ന് യോഗം ചേർന്ന് സമർപ്പിച്ച ശിപാർശകൾ പരിഗണിച്ച് കാലടി മുഖ്യ ക്യാമ്പസിലെ യുജി / പിജി പ്രോഗ്രാമുകൾ അതേപടി നിലനിർത്താനും പ്രാദേശിക ക്യാമ്പസുകളിലെ യുജി / പിജി പ്രോഗ്രാമുകൾ അനുബന്ധത്തിൽ പറയും വിധം പുന:ക്രമീകരണം നടത്തുവാനും തീരുമാനിച്ചു. പ്രസ്തുത തീരുമാനത്തിലെ സോഷ്യൽ വർക്ക്,

ചരിത്രം, മലയാളം വിഷയങ്ങളുമായി ബന്ധപ്പെട്ട ക്രമീകരണത്തിൽ വിദ്യാർത്ഥി പ്രതിനിധി ശ്രീ. എൻ. ആദിൽ വിയോജിച്ചു.

**Item No. 2(b)**

2023-2024 അധ്യയന വർഷത്തിൽ തുറവൂർ പ്രാദേശിക കേന്ദ്രത്തിൽ പ്രോഗ്രാമുകൾ തുടരുന്നത്-സംബന്ധിച്ച്. (No. 4484/Acd.B1//SSUS/2023)

പ്രസ്തുത വിഷയം മാറ്റിവെക്കാൻ തീരുമാനിച്ചു.

**Item No. 2(c)**

മിനിമം 10 വിദ്യാർത്ഥികൾ ഇല്ലാത്ത കേന്ദ്രങ്ങളിലെ കുട്ടികൾക്ക് സ്റ്റുഡന്റ്ഷിപ്പ് കൊടുത്ത് അവരെ മറ്റു കേന്ദ്രങ്ങളിലേക്ക് മാറ്റുന്നത് -സംബന്ധിച്ച്. (No.00266/Acd.B2/SSUS/ 2022(1))

സംസ്കൃത വിഷയത്തിൽ പി.ജി.യ്ക്ക് 5 ഉം യു.ജി. പ്രോഗ്രാമിന് 10 ഉം സംസ്കൃതേതര വിഷയങ്ങളിൽ യു.ജി / പി.ജി പ്രോഗ്രാമുകളിൽ 10 ഉം വിദ്യാർത്ഥികളില്ലാത്ത കേന്ദ്രങ്ങളിലെ വിദ്യാർത്ഥികൾക്ക് സ്റ്റുഡന്റ്ഷിപ്പ് നൽകി മറ്റു കേന്ദ്രങ്ങളിലേക്ക് മാറ്റുന്നത് 2023-24 അധ്യയന വർഷം പ്രവേശനം നേടുന്നവർക്ക് ബാധകമാക്കി അംഗീകരിക്കാൻ തീരുമാനിച്ചു. അഡ്മിഷൻ സമയത്ത് വിദ്യാർത്ഥികളിൽ നിന്നും ഇത്തരത്തിലുള്ള ഒരു ഉറപ്പ് എഴുതി വാങ്ങിക്കാനും തീരുമാനിച്ചു.

**Item No. 3**

Award of Ph.D Degree to Sri. Anoop V.P. in Sanskrit Sahitya [No. EA/PhD/743/SSUS/2022(1)]

Considering the recommendations of the Board of Adjudicators constituted to evaluate Ph.D thesis, it is resolved to award Ph.D Degree to Sri. Anoop V.P in Sanskrit Sahitya under the Faculty of Sanskrit Literature for the Ph.D thesis titled “Sanskrit Tradition of Malappuram District in Kerala” under the guidance of Dr. C.K. Jayanthi., Associate Professor, Department of Sanskrit Sahitya, SSUS, RC Tirur, on the date of Viva Voce held on 17.05.2023.

**Item No. 4**

തിരൂർ പ്രാദേശിക കേന്ദ്രത്തിൽ ദിവസവേതനാടിസ്ഥാനത്തിൽ ക്ലാസ് IV തസ്തികയിൽ ജോലി ചെയ്യുന്ന ശ്രീ. സുനിൽ കുമാർ. എ. യ്ക്ക് PTS തസ്തികയിൽ

സ്ഥിരം നിയമനം നൽകുന്നത് സംബന്ധിച്ച സ്റ്റാൻഡിംഗ് കൗൺസിലിന്റെ മറുപടി - സംബന്ധിച്ച്. (No. Ad.D/2139/SSUS/2021)

As per the judgment dated 11.08.2022 in WP(C) 25109/21 the Hon'ble High Court has considered the peculiar facts of the case that, Sunil Kumar had handed over manuscripts kept by his grandfather on condition that he will be offered employment in the University. Taking into consideration the above peculiar facts, the Honourable High Court had directed him to be considered for selection to the post of Part Time Sweeper dehors, he was not sponsored by the Employment Exchange. The Hon'ble Court had further directed that the judgment cannot be cited as a precedent by anyone even in similar case. The Selection Committee held on 11.04.2023, interviewed Sri. Sunil Kumar A and found him eligible to be appointed as Part Time Sweeper.

In view of the above and clarification by the Standing Counsel, the Syndicate resolved to appoint Sri. Sunil Kumar A to the post of Part Time Sweeper.

**<u>Item No. 5</u>**

മെയ് 23 മുതൽ 25 വരെയുള്ള തീയതികളിൽ നടത്താൻ നിശ്ചയിച്ചിരുന്ന യൂണിവേഴ്സിറ്റി യൂണിയൻ കലോൽസവം മാറ്റി വയ്ക്കുന്നതിനോടനുബന്ധിച്ചുള്ള വിഷയങ്ങൾ - സംബന്ധിച്ച്. (No. SSC/3742/SSUS/2022-23)

2022-23 അധ്യയന വർഷത്തിലെ അവസാന സെമസ്റ്റർ വിദ്യാർത്ഥികളുടെ കോഴ്സ് കാലാവധി 2023 ജൂൺ 16 വരെ നീട്ടാനും, ജൂൺ 13 മുതൽ 15 വരെ നടക്കുന്ന യൂണിവേഴ്സിറ്റി യൂണിയൻ കലോത്സവത്തിൽ അവരെ പങ്കെടുപ്പിക്കാനും, അർഹരായവർക്ക് ഗ്രേസ് ഗ്രേഡ് നൽകാനും തീരുമാനിച്ചു. അവസാന സെമസ്റ്റർ വിദ്യാർത്ഥികളുടെ നിലവിലെ ഡിസർട്ടേഷൻ തീയതി മാറ്റേണ്ടതില്ലെന്നും തീരുമാനിച്ചു.

യോഗം 3.00 pm ന് അവസാനിച്ചു.

**ഒപ്പ്** **ഒപ്പ്**

**രജിസ്ട്രാർ** **വൈസ് ചാൻസലർ**